Draft #2 of File 79471/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-May-2021 11:03 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

79471/AC A1-2/2021/AC A 1

01.05.2021

പരിപത്രം

| | |
|---|---|
| വിഷയം:- | കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവ്വകലാശാലാ പഠന വകുപ്പുകളിലും സെന്ററുകളിലും ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് |

സൂചന :-20.04.2021-ൽ ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

കോവിഡ് -19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവ്വകലാശാലാ പഠന വകുപ്പുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 20.04.2021-ൽ വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു.

"1.നിലവിൽ നിശ്ചയിച്ചിരിക്കുന്ന എല്ലാ ഓഫ്‌ലൈൻ പരീക്ഷകളും റദ്ദ് ചെയ്ത് ക്ലാസുകൾ ഓൺലൈൻ രീതിയിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുക.

2.പരീക്ഷകൾ ഓൺലൈൻ ആക്കുന്നതിനാവശ്യമായ നിർദേശങ്ങൾ രൂപീകരിക്കുന്നതിന് പഠനവകുപ്പുകളിലെ ഫാക്കൽറ്റി കൗൺസിൽ കൂടുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3. പഠന വകുപ്പുകൾക്കുള്ളിലും പുറത്തും വിദ്യാർത്ഥികൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ വകുപ്പുമേധാവികൾ നൽകേണ്ടതാണ്.

4. അദ്ധ്യാപകർ തങ്ങളുടെ പഠനവകുപ്പുകളുടെ ലാബുകളിലും ലൈബ്രറികളിലും വിദ്യാർത്ഥികളുടെ എണ്ണം കൂടാത്ത വിധം ഷിഫ്റ്റ് രീതി അവലംബിക്കേണ്ടതാണ്.

5. ഓൺലൈൻ ക്ലാസുകൾക്കായി നിലവാരമുള്ള ഡിജിറ്റൽ കോഴ്സ് കണ്ടന്റ് തയ്യാറാക്കേണ്ടതും നിർദ്ദിഷ്ട ക്ലാസിന്റെ പകുതി സമയം ഇന്ററാക്റ്റീവ് സെഷനായി വിഭാവനം ചെയ്യേണ്ടതുമാണ്. കൂടാതെ ഓൺലൈൻ ക്ലാസുകൾ പരമാവധി വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ വിഭാവനം ചെയ്യുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. ഇതിൽതന്നെ ഒരേ വിഷയങ്ങളിൽ ലഭ്യമായ സ്വയം പോർട്ടലിലെ പ്രോഗ്രാമുകളും അദ്ധ്യാപകർക്ക് ഉപയോഗിക്കാവുന്നതാണ്.

6. കോവിഡ് പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് ക്യാമ്പസ്സിൽ സെക്യൂരിറ്റി ഓഫീസറുടെ നേതൃത്വത്തിലും, പഠനവകുപ്പുകളിൽ അദ്ധ്യാപകരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തി.

7.കോവിഡ് കാലയളവിൽ പ്രോജക്ട് പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിലവിലെ സാഹചര്യത്തിൽ റഫറൻസിംഗ് പൂർത്തീകരിക്കുന്നതിനു നിർദേശം നൽകാവുന്നതും തുടർന്ന് പരീക്ഷണശാലകളിൽ കോവിഡ് പ്രോട്ടോക്കോൾ പ്രകാരം തന്നെ പരീക്ഷണങ്ങൾ ക്രമീകരിക്കാവുന്നതുമാണ്.

8.സർവ്വകലാശാല ക്യാമ്പസ്സിൽ ഇപ്പോൾ നടന്നുവരുന്ന ആർ.റ്റി.പി.സി.ആർ. ടെസ്റ്റിൽ പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും തുടർന്ന് ആവശ്യമെങ്കിൽ വിദ്യാർത്ഥികൾക്കായി ആർ.റ്റി.പി.സി.ആർ. പരിശോധനയ്ക്ക് സജ്ജീകരണമൊരുക്കുന്നതിന് ആരോഗ്യവകുപ്പ് അധികൃതരോട് ആവശ്യപ്പെടാവുന്നതാണ്.

9. നിലവിൽ ഓൺലൈൻ ക്ലാസുകൾക്കായി സജ്ജീകരിച്ചിരിക്കുന്ന മൂഡിൽ പ്ലാറ്റ് ഫോം, പഠന വകുപ്പുകളിലെ സ്മാർട്ട് ക്ലാസ് മുറികൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്."

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ തീരുമാനങ്ങൾ എല്ലാ സർവ്വകലാശാലാ പഠന വകുപ്പുകളിലും പ്രാവർത്തികമാക്കേണ്ടതാണ്.

**കാഞ്ചന എൻ.നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ പഠന വകുപ്പുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #2 of File 79471/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-May-2021 11:03 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം